പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4304 | 21.0 2015 ൽ മറുപടിയ്ക്ക് |
|---|---|
| **ജെൻഡർ പോളിസി** | |
| ചോദ്യം | ഉത്തരം |
| ശ്രീ. കെ.എസ്.ശബരീനാഥൻ<br>,, സണ്ണി ജോസഫ്<br>,, എം.എ. വാഹീദ്<br>,, ഐ.സി.ബാലകൃഷ്ണൻ | ഡോ.എം. കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജെൻഡർ പോളിസി പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ നയം നടപ്പാക്കുന്നത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ഈ നയം നടപ്പിലാക്കുന്നത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.<br>1. എല്ലാ അതിക്രമങ്ങളിൽ നിന്നും, വിശിഷ്യാ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽ നിന്നും സംരക്ഷണവും മോചനവും ഉറപ്പാക്കുക.<br>2. സ്ത്രീകൾക്ക് ജീവനോപാധികൾക്കുള്ള അവകാശത്തിനായി അവരുടെ കഴിവുകളിലും, വിജ്ഞാന ഉറവിടത്തിന്റെ മേലിലും ഉടമസ്ഥാവകാശവും, നിയന്ത്രണവും, ബാധ്യതയും ഉറപ്പാക്കി നിർഭയമായി ജോലി ചെയ്യുന്നതിന് സാമൂഹ്യ സംരക്ഷണം ഉറപ്പാക്കുകയും, തുല്യ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക. |
| (സി) സ്ത്രീ സമത്വ - ശാക്തീകരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | (സി) സർക്കാർ - സർക്കാരിതര സ്ഥാപനങ്ങളിലും, സാമൂഹ്യ – രാഷ്ട്രീയ രംഗത്തും, സാമ്പത്തികമായ വിഷയങ്ങളിലും സ്ത്രീകളുടെ അഭിപ്രായങ്ങൾക്കും തീരുമാനത്തിനും തുല്യ അംഗീകാരം നൽകുക, ലിംഗസമത്വം എല്ലാ മേഖലകളിലും കൊണ്ടു വരിക എന്നീ കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) പ്രസ്തുത നയം നടപ്പാക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളും ഒരു ജെൻഡർ ആക്ഷൻ പ്ലാൻ തയ്യാറാക്കി, അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും നോഡൽ ഡിപ്പാർട്ട്മെൻറ് എന്ന നിലയിൽ സാമൂഹ്യനീതി |

| | |
|---|---|
| | വകുപ്പ്, ടി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയുമാണ് ചെയ്യുന്നത്. എൻഎസ്സ്എസ്സ്/ സ്റ്റുഡൻറ് പോലീസ് കേഡറ്റുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ലിംഗാധിഷ്ഠിത ആക്രമണം തടയുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി, ആയതിന്റെ ആദ്യഘട്ട പ്രവർത്തനം ഫിഷറീസ് വകുപ്പുമായി ചേർന്ന് തീരദേശ മേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ